**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

| | |
|---|---|
| **നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാചോദ്യം നം. T.1212** | **05/03/2018 ൽ മറുപടിക്ക്** |

**കശുവണ്ടി വ്യവസായം**

| **ചോദ്യം**<br>**ശ്രീ.അബ്ദുൾ ഹമീദ് പി.** | **ഉത്തരം**<br>**ശ്രീമതി.ജെ.മെഴ്സിക്കുട്ടിഅമ്മ**<br>**(മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പ് മന്ത്രി)** |
|---|---|
| (എ) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം പ്രതിസന്ധി നേരിടുന്നുണ്ടോ, വിശദാംശം വെളിപ്പെടുത്തുമോ; | (എ) ഉണ്ട്. അസംസ്കൃത തോട്ടണ്ടിയുടെ ദൗർലഭ്യമാണ് ഇതിൽ ഏറ്റവും പ്രധാന കാരണം. തോട്ടണ്ടിയുടെ വില വർദ്ധനയും ലഭ്യതക്കുറവും ബാങ്കിൽ നിന്നും വിലക്കയറ്റത്തിന് ആനുപാതികമായി ക്രെഡിറ്റ് ലഭിക്കാനുള്ള ബുദ്ധിമുട്ടുകളും ചെറുകിട വ്യവസായികൾ നേരിടുന്ന പ്രധാന പ്രശ്നങ്ങളാണ്. സ്വകാര്യ വ്യവസായികൾ ബാങ്കുകളിൽ നിന്നെടുത്ത വായ്പയിന്മേലുള്ള അമിത പലിശ വ്യവസായികളെ കടക്കെണിയിലാക്കുകയും ഫാക്ടറികൾ അടച്ചിടേണ്ട സ്ഥിതിയിലേക്ക് എത്തിക്കുകയും ചെയ്തിട്ടുണ്ട്. |
| (ബി) പ്രതിസന്ധിയെ തുടർന്ന് എത്ര കശുവണ്ടി ഫാക്ടറികൾ അടച്ചുപൂട്ടിയെന്ന് വെളിപ്പെടുത്തുമോ; | (ബി) കേരള സംസ്ഥാനത്തിൽ ഫാക്ടറീസ് & ബോയിലേഴ്സ് ഡിപ്പാർട്ടുമെന്റിന്റെ രജിസ്റ്റർ പ്രകാരം 790 രജിസ്റ്റേർഡ് കാഷ്യൂ ഫാക്ടറികളാണ് ഉള്ളത്. 450 കശുവണ്ടി ഫാക്ടറികൾ തുറന്നു പ്രവർത്തിക്കുന്നുണ്ട്. ബാക്കിയുള്ള 340 ഫാക്ടറികൾ പ്രവർത്തിക്കുന്നില്ല. |
| (സി) സംസ്ഥാനത്തെ കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? | (സി) കശുവണ്ടി സംസ്കരണ മേഖല ഇന്ന് നേരിട്ടു കൊണ്ടിരിക്കുന്ന അസംസ്കൃത തോട്ടണ്ടി ക്ഷാമം പരിഹരിക്കുന്നതിനായി കശുവണ്ടി ഉല്പാദിപ്പിക്കുന്ന വിദേശ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി നേരിട്ട് ഇറക്കുമതി ചെയ്യുക എന്ന ലക്ഷ്യത്തോടെ സർക്കാർ കേരള കാഷ്യൂബോർഡ് രൂപീകരിച്ചു പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. |

ആഫ്രിക്കൻ രാജ്യങ്ങളിൽ നിന്നും തോട്ടണ്ടി ശേഖരിക്കുന്നതിനുള്ള നടപടികൾ കാഷ്യൂ ബോർഡ് സ്വീകരിച്ചു വരുന്നു. ഗവൺമെന്റ് ടു ഗവൺമെന്റ് അടിസ്ഥാനത്തിൽ തോട്ടണ്ടി സംഭരിക്കാനാണ് ഉദ്ദേശിച്ചിരുന്നതെങ്കിലും അതിന് പ്രായോഗിക ബുദ്ധിമുട്ടുകൾ നേരിടുകയാണ്. ഇതിനെ അതിജീവിക്കാൻ മറ്റ് മാർഗ്ഗങ്ങൾ വഴി തോട്ടണ്ടി സംഭരിക്കാനുള്ള പരിശ്രമത്തിലാണ്. തോട്ടണ്ടി വിദേശ രാജ്യങ്ങളിൽ നിന്നും ശേഖരിക്കുന്നതോടൊപ്പം തന്നെ ഇന്ത്യയിലെ ഇതര സംസ്ഥാനങ്ങളിൽ നിന്നും സംഭരിക്കുന്ന കാര്യവും കാഷ്യൂ ബോർഡ് ആലോചിച്ചു വരുന്നു. തോട്ടണ്ടി ആവശ്യത്തിന് ലഭ്യമാകുന്നതോടെ പൂട്ടിക്കിടക്കുന്ന ഫാക്ടറികൾ തുറക്കുന്നതിനും തൊഴിലാളികൾക്ക് തൊഴിൽ സുരക്ഷ ഉറപ്പാക്കുന്നതിനും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു. കശുവണ്ടി വ്യവസായം സംരക്ഷിക്കുന്നതിനായി സർക്കാർ വർഷാവർഷം പദ്ധതി വിഹിതമായി ആധുനികവൽക്കരണത്തിനും നിയന്ത്രിത യന്ത്രവല്ക്കരണത്തിനും ആഭ്യന്തര വിപണി ശക്തിപ്പെടുത്തുന്നതിനുമായി ബഡ്ജറ്റിൽ തുക വകയിരുത്തി നൽകുന്നുണ്ട്.

കാലാകാലങ്ങളിൽ വിദേശ രാജ്യങ്ങളിൽ ഏർപ്പെടുത്തുന്ന പുതിയ വ്യവസ്ഥകൾ മൂലം തോട്ടണ്ടി സംഭരണം പ്രയാസമാകുകയാണ്. ഈ സാഹചര്യത്തിൽ കശുവണ്ടിയുടെ ആഭ്യന്തര ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി അത്യുൽപാദന ശേഷിയുള്ള കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

---

**സെക്ഷൻ ഓഫീസർ**